വിഷമദ്യ ദുരന്തത്തിനെതിരെ എടുത്ത നടപടി

62 (395) ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 ഒക്ടോബർ മാസം മുതൽ നാളിതുവരെ സംസ്ഥാനത്തുണ്ടായിട്ടുള്ള വിഷമദ്യദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ടോയെന്നും അനുവദിച്ചെങ്കിൽ എന്തുതുക വീതം എത്ര കുടുംബങ്ങൾക്ക് നൽകിയെന്നും വിശദമാക്കാമോ;

(ബി) വിഷമദ്യദുരന്തവുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ ഇതിനോടകം കസ്റ്റഡിയിലെടുത്തുവെന്നും കസ്റ്റഡിയിലെടുത്ത പ്രതികൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) വ്യാജമദ്യക്കേസുമായി ബന്ധപ്പെട്ട് എത്ര എക്സൈസ് ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും, അവരുടെമേൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്ത് നടപ്പുവർഷം വ്യാജമദ്യവും സ്പിരിറ്റും കണ്ടെത്തുന്നതിന് എത്ര റെയിഡുകൾ നടത്തുകയുണ്ടായിട്ടുണ്ടെന്നും ഇതുമൂലം എത്ര ലിറ്റർ വ്യാജമദ്യവും സ്പിരിറ്റും കണ്ടെത്തിയിട്ടുണ്ടെന്നും ജില്ലതിരിച്ചും മാസം തിരിച്ചുമുള്ള കണക്കുകൾ അറിയിക്കാമോ;

(ഇ) സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ വ്യാപ്തി തടയുന്നതിന് എന്തൊക്കെ അധിക നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2000 ഒക്ടോബർ മാസത്തിൽ കൊല്ലം ജില്ലയിലുണ്ടായ വിഷമദ്യ ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 30,000/- രൂപാ വീതവും (മുപ്പതിനായിരം രൂപാവീതവും) പൂർണ്ണമായി കാഴ്ചശക്തി നഷ്ടപ്പെട്ടവർക്ക് 25,000/- രൂപ (ഇരുപത്തയ്യായിരം രൂപ) വീതവും ചികിൽസയിൽ കഴിയുന്നവർക്ക് 15,000/- രൂപവരെയും 20.10.2000 ലെ സ.ഉ(ആർ.റ്റി) 4352/2000 റവന്യൂ എന്ന സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 17 എക്സൈസ് ഉദ്യോഗസ്ഥൻമാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. തുടർനടപടികൾ വകുപ്പുതലത്തിൽ കൈക്കൊണ്ടുവരികയാണ്.

(ഡി) താഴെ വിവരിക്കുന്നു.

നം.	ജില്ല	നടത്തിയ റെയിഡുകൾ	കണ്ടെടുത്ത സ്പിരിറ്റു സ്പിരിറ്റ് ലിറ്ററിൽ	വ്യാജമദ്യവും വ്യാജമദ്യം ലിറ്ററിൽ
1.	തിരുവനന്തപുരം	11556	26416	9725
2.	കൊല്ലം	16726	3527	4231
3.	പത്തനംതിട്ട	8825	2109	2204

LIBRARY ARCHIVES Kerala Legislative Assembly

4.	ആലപ്പുഴ	8425	22610	758
5.	കോട്ടയം	2992	13260	1508
6.	ഇടുക്കി	3112	595	2246
7.	എറണാകുളം	4873	66775	6478
8.	തൃശ്ശൂർ	5668	7480	406
9.	പാലക്കാട്	15636	77138	1827
10.	മലപ്പുറം	2256	1220	250
11.	കോഴിക്കോട്	1810	500	2247
12.	വയനാട്	788	34940	405
13.	കണ്ണൂർ	3592	38360	1711
14.	കാസർകോഡ്	1041	9410	3792

(ബി) അനധികൃത മദ്യനിർമ്മാണം, വില്പന, കടത്ത്, ശേഖരം എന്നിവ കണ്ടെത്തി നശിപ്പിക്കുന്നതിന്, പരമാവധി കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാരെ അറസ്റ്റ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കള്ളു ഷാപ്പുകൾ, എഫ്.എൽ.1 ഷോപ്പുകൾ, എഫ്.എൽ.3 ബാറുകൾ എന്നിവയുടെ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. മായം കലർത്തിയ മദ്യം കള്ളുഷാപ്പു കളിലൂടെ വില്ക്കുന്നത് അനുവദിക്കുന്നതല്ല. നിരന്തര പരിശോധന നടത്തു വാനും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ച് ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മുഴുവൻസമയ റോഡ് പട്രോ ളിംഗ് നടത്തുകയും സംശയമുള്ള വാഹനങ്ങൾ പരിശോധിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ എ.ഇ.ബി. ഓഫീസുകളിലും കൺട്രോൾ റൂമുകൾ ആരംഭിച്ചിട്ടുണ്ട്. റെയ്ഡ് സംബന്ധമായ വിവരങ്ങൾ എല്ലാ ദിവസവും പോലീസ് ഉദ്യോഗസ്ഥൻമാർ ഡി.ജി.പി.യ്ക്കും എക്സൈസ് ഉദ്യോഗസ്ഥൻ മാർ, കമ്മീഷണർക്കും റിപ്പോർട്ട് ചെയ്യുന്നുണ്ട്.

എക്സൈസ് റെയിഡുകൾ

63 (396) ശ്രീ. ടി.എം. ജേക്കബ്ബ് :

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് ഡിപ്പാർട്ടുമെന്റ് നടത്തിയ റെയിഡിനെ സംബന്ധിച്ചും പിടിച്ചെ ടുത്ത വാറ്റ്, സ്പിരിറ്റ്, വ്യാജമദ്യം എന്നിവയെ സംബന്ധിച്ചുമുള്ള റെയിഞ്ചടി സ്ഥാനത്തിലെ വിവരങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇതുമായി ബന്ധപ്പെട്ട എത്ര കേസുകൾ എടുത്തിട്ടുണ്ട്;

(സി) എത്രയെണ്ണം ചാർജ്ജ് ചെയ്തിട്ടുണ്ട്;

(ഡി) ചാർജ്ജ് ചെയ്ത കേസുകളിലെ പ്രതികളുടെ പേരുവിവരം വെളിപ്പെടുത്താമോ;

(ഇ) ഇതിൽ കള്ളിൽ മായംചേർത്ത എത്ര കേസുകൾ കണ്ടുപിടിക്ക പ്പെട്ടിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly